
മഹാകവി പി.സ്മാരക ഗവ: വൊക്കേഷണൽ
ഹയർസെക്കണ്ടറി സ്കൂൾ
43
തൂണീരം
അക്കാദമിക മാസ്റ്റർ പ്ലാൻ
ACADEMIC
MASTER PLAN
2025

കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് വിദ്യാഭ്യാസ ജില്ലയിൽ ബേക്കൽ സബ്ജില്ലയിലെ അജാനൂർ ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന ചരിത്രം ഉറങ്ങുന്ന വിദ്യാലയമാണ് മഹാകവി പി. സ്മാ രക ഗവ. വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂൾ. രണ്ടര ഏക്കറിൽ രണ്ടിടങ്ങളിലായാണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത്. പ്രധാന സ്കൂൾ കെട്ടിടം വെള്ളിക്കോത്തിൻ്റെ ഹൃദയഭാഗത്തും ഏകദേശം അരകി ലോമീറ്റർ താഴെ പ്രൈമറി, വി.എച്ച്.എസ്.ഇ. കെട്ടിടവും ആണ് ഉള്ളത്.

1906 ൽ ഏകാധ്യാപക വിദ്യാലയമായി തുടങ്ങിയ സ്കൂൾ സ്വാതന്ത്ര്യസമരചരിത്രപഥത്തിലെ വിജ്ഞാനദായനി സംസ്കൃത വിദ്യാലയത്തിലൂടെ ക്രമേണ ഹൈസ്കൂൾ, വി.എച്ച്.എസ്.ഇ. ആയി വളർ ന്നുവന്നു. വടക്കേമലബാറിൻ്റെ തന്നെ ദേശീയ പ്രസ്ഥാനത്തിൻ്റെ തലസ്ഥാനമായിരുന്നു ഒരു കാലത്ത് വിജ്ഞാനദായനി ദേശീയ വിദ്യാലയം. നിരവധി സാമൂഹ്യനവോത്ഥാന പ്രവർത്തനങ്ങൾക്കും കലാസാംസ് കാരിക രാഷ്ട്രീയ വളർച്ചയ്ക്കും കാരണമായ ഒന്നായിരുന്നു പണ്ടുകാലത്ത് ഈ വിദ്യാലയം.

വിദ്യാലയാരംഭം തൊട്ടുതന്നെ സാധാരണക്കാരുടെ വിദ്യനേടാനുള്ള പ്രധാന ആശ്രയ കേന്ദ്ര മായിരുന്നു ഈ വിദ്യാലയം. സ്വാതന്ത്ര്യ സമര സേനാനികൾ മുതൽ സാമ്പത്തിക സാമൂഹിക സാംസ് കാരിക മേഖലയിൽ വ്യക്തിമുദ്ര പതിപ്പിച്ച നിരവധി വ്യക്തിത്വങ്ങളാണ് ഈ മഹാവിദ്യാലയത്തിൽ നിന്ന് പഠിച്ചിറങ്ങിയിട്ടുള്ളത്. മഹാകവി പി. കുഞ്ഞിരാമൻ നായർ, ബി.ആർ ഷേണായി, ബി.ആർ. ശർമ്മ, ബി. വസന്തൻ, കെ. മാധവൻ, വി. അമ്പു, മഡിയൻ രാധാകൃഷ്ണൻ, വെള്ളിക്കോത്ത് വിഷ്ണുഭട്ട് തുടങ്ങിയ പ്രശസ്തർ അക്ഷരാഭ്യാസം കുറിച്ചത് ഈ സരസ്വതീ ക്ഷേത്രത്തിൽ നിന്നാണ്

2018-19 അധ്യയന വർഷം മുതൽ തുടർച്ചയായി എസ്.എസ്.എൽ.സി.ക്ക് നൂറ് മേനി കൊയ്ത ചരിത്രമുള്ളതാണ് നമ്മുടെ വിദ്യാലയം. സ്കൂൾ യുവജനോത്സവത്തിൽ സബ്ജില്ലയിൽ ഹൈസ്കൂൾ തലത്തിൽ 5 തവണ ഓവറോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കാനും, ജില്ലയിലും സംസ്ഥാനത്തും ശ്രദ്ധേയമായ നേട്ടം കൈവരിക്കാനും കഴിഞ്ഞു . കായിക ഇനങ്ങളായ കബഡി,ബാഡ്മിന്റൺ , ഫുട്ബോൾ, തൈ ക്വോണ്ടോ ഇനങ്ങളിൽ ജില്ലയിലും സംസ്ഥാനത്തും ശ്രദ്ധേയമായ പ്രകടനങ്ങൾ കാഴ്ചവെക്കാനും സ്കൂ ളിന് സാധിച്ചു.ശാസ്ത്രമേളകളിൽ സംസ്ഥാന തലത്തിൽ മികച്ച നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞു .

കാസർഗോഡ് ജില്ലയിൽ തന്നെ സിന്തറ്റിക് വോളിബോൾ കോർട്ടുള്ള മറ്റൊരു സ്കൂൾ വേറെ ഇല്ല. 2019-20 മുതൽ ഇങ്ങോട്ട് 1 മുതൽ 10 വരെയുള്ള ക്ലാസുകളിൽ കുട്ടികളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവ് വന്നിട്ടുണ്ട്. നിലവിൽ പ്രൈമറി ക്ലാസുകൾക്കായി 4 കെട്ടിടങ്ങളും, യു.പി. ക്ലാസിനായി രണ്ട് നിലകളുള്ള പഴയകെട്ടിടവും, ഹൈസ്കൂളിനായി ഒരു പഴയ ഇരുനിലകെട്ടിടവും ഒരു പുതിയ 3 നില കെ ട്ടിടവും, വി.എച്ച്.എസ്.ഇ.ക്ക് ഒരു രണ്ട് നില കെട്ടിടവും സ്കൂളിനായുണ്ട്. 2025-26 അധ്യയന വർഷത്തിൽ പ്രീപ്രൈമറി വിഭാഗത്തിൽ 54 കുട്ടികളും, പ്രൈമറി വിഭാഗത്തിൽ 280 കുട്ടികളും, അപ്പർപ്രൈമറി വിഭാഗ ത്തിൽ 357 കുട്ടികളും എച്ച്.എസ്. വിഭാഗത്തിൽ 655 കുട്ടികൾ ഉൾപ്പെടെ ആകെ 1346 കുട്ടികളും VHSE യിൽ 53 കുട്ടികളും നിലവിൽ സ്കൂളിൽ പഠിക്കുന്നു. VHSE യിൽ 11 അധ്യാപകരും,പ്രൈമറി, ഹൈസ്കൂൾ വിഭാഗത്തിൽ യഥാക്രമം 28, 24 അധ്യാപകരും ഉൾപ്പെടെ ആകെ 63 പേർ സ്കൂളിലുണ്ട്. കൂടാതെ 5 അനധ്യാപകരും പ്രവർത്തിക്കുന്നു.

മികച്ച PTA, MPTA, SMC എന്നിവയും രക്ഷിതാക്കളും, പൂർവ്വവിദ്യാർത്ഥി കൂട്ടായ്മകളും, പ്ര വാസി സംഘങ്ങളും ഒക്കെ കൈകോർത്ത് പിടിച്ച് ഏറ്റവും ഭംഗിയായി തന്നെ വികസന പ്രവർത്തനങ്ങ ളും, പഠന

പാഠ്യേതര പ്രവർത്തനങ്ങളും നടത്തി വരുന്നു. 2025-26 അധ്യയന വർഷത്തിലെ ബേക്കൽ സ ബ്ജില്ല, കലോത്സവത്തിന് ആതിഥ്യമരുളിയത് എടുത്ത് പറയേണ്ട വസ്തുതയാണ്. വർഷാരംഭം തൊട്ട് അവസാനം വരെ ചിട്ടയായി പ്രവർത്തിക്കുന്ന JRC , ഗൈഡ്സ് , ലിറ്റിൽ കൈറ്റ്സ്, ഗ്രീൻ പോലീസ് എന്നീ യൂണിറ്റുകൾ സ്കൂളിനായുണ്ട് എന്നത് ശ്രദ്ധേയമാണ്. ഈ അധ്യയന വർഷം SPC തുടങ്ങിയത് സ്കൂളിന് മുതൽ കൂട്ടാണ്.

# പൊതുലക്ഷ്യങ്ങൾ

- മലയാളം, ഇംഗ്ലീഷ്, ഹിന്ദി തുടങ്ങിയ ഭാഷകളിൽ പിന്നോക്കമുള്ളവർക്കായി പ്രത്യേക പ്രവർത്തന ങ്ങൾ സമയബന്ധിതമായി ഏറ്റെടുത്ത് നടത്തി പ്രശ്നപരിഹാരം കണ്ടെത്തി തുടർപ്രവർത്തനങ്ങൾ നടത്തുക.
- പഠനപ്രവർത്തനങ്ങളുടെ ഭാഗമായി പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകി യുള്ള ആസൂത്രണപദ്ധതി നടപ്പിലാക്കുകയും വിലയിരുത്തുകയും ചെയ്യുക.
- ഗണിത, ശാസ്ത്ര, സാമൂഹ്യശാസ്ത്ര ലാബുകൾ ശാക്തീകരിച്ച് അവ ദൈനംദിന പഠനപ്രവർത്തന ങ്ങളിൽ ഉപയോഗിക്കുക.
- ടാലന്റ് ലാബുകൾ വിഷയാടിസ്ഥാനത്തിൽ സജ്ജീകരിച്ച് അനുയോജ്യപ്രവർത്തനങ്ങൾ നടപ്പിലാ ക്കുക.
- നിലവിലുള്ള കായിക മുറി അനുയോജ്യമായി ക്രമീകരിച്ച് വിവിധ പ്രവർത്തനപദ്ധതികൾ നടപ്പിൽ വരുത്തുക.
- കുട്ടികളുടെ സർവ്വതോമുഖമായ വികാസത്തിനായി വിവിധ തരത്തിലുള്ള ശിൽപശാലകൾ സംഘ ടിപ്പിക്കുക.
- സഹകരണാത്മക, സഹവർത്തിത്വ പഠനം മെച്ചപ്പെടുത്താനുള്ള പദ്ധതികൾ ദൈനംദിനാസൂത്രണ ത്തിന്റെ ഭാഗമാക്കുക.
- ഐ.ടി. ലാബ് നവീകരിച്ച് എല്ലാവിഭാഗക്കാർക്കും (LP,UP,HS) ഉപയോഗിക്കത്തക്ക രീതിയിലുള്ളതാക്കുക.
- ഭിന്നശേഷിക്കാർക്കായി പ്രത്യേക പഠന സഹായക പ്രവർത്തന പാക്കേജ് നടപ്പിൽ വരുത്തുക.
- രക്ഷിതാക്കളെ വിദ്യാഭ്യാസ പ്രക്രിയയിൽ കൂടുതൽ പങ്കാളികളാക്കുന്നതിന് ശിൽപശാലകൾ, ബോ ധവൽക്കരണ പരിപാടികൾ എന്നിവ സംഘടിപ്പിക്കുക.

- സ്കൂൾ പാർലമെൻ്റ് പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുക.
- യു.എസ്.എസ്., എൽ.എസ്.എസ്., NMMS, SSLC തുടങ്ങിയ പ്രത്യേക പരീക്ഷയ്ക്ക് വേണ്ട നൂതന നമായ പഠന പരിശീലന സംവിധാനം നടപ്പിലാക്കുക.
- സാമൂഹിക ഇടപെടൽ വഴി പരമാവധി ഫണ്ട് കണ്ടെത്തി ഏറ്റവും അത്യാവശ്യം വേണ്ട വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുക.
- പി.ടി.എ., പൂർവ്വ വിദ്യാർത്ഥി കൂട്ടായ്മ, എന്നിവയെ പരമാവധി ഉപയോഗപ്പെടുത്തി സാമൂഹിക സാമ്പത്തിക വിഭവങ്ങൾ സ്കൂളിലെത്തിക്കാനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുക.
- വിവിധ ക്ലബ്ബുകൾ, മറ്റ് വിഭാഗങ്ങൾ എന്നിവയ്ക്ക് പ്രത്യേക നോട്ടീസ് ബോർഡുകൾ, പൊതു വിജ്ഞാന പോഷിണിക്കായി ഒരിടം എന്നിവ സജ്ജീകരിക്കുക.
- അധ്യാപക ശാക്തീകരണവുമായി ബന്ധപ്പെട്ട് 'ശില്പശാലകൾ' സംഘടിപ്പിക്കുക.
- ഡിജിറ്റൽ ലൈബ്രറി, ജൈവപച്ചക്കറിത്തോട്ടം എന്നിവ ആരംഭിക്കുക.
- 7,8,9,10 ക്ലാസ്സിലെ കുട്ടികൾക്ക് സ്പോക്കൺ ഇംഗ്ലീഷ് പരിശീലനങ്ങൾ നടത്തുക

# അക്കാദമിക പ്രവർത്തനങ്ങൾ

- പ്രവർത്തനകലണ്ടർ തയ്യാറാക്കൽ
- വായനാക്കൂട്ടം ചുമതലാവിഭജനം പൂർത്തിയാക്കൽ
- ടാലന്റ് ലാബ്, പിന്നോക്ക ഗ്രൂപ്പ്, ഭിന്നശേഷി ഗ്രൂപ്പ് രൂപീകരണം
- വൈവിധ്യ - സമഗ്ര ഗുണമേന്മ പദ്ധതി
- സഹവാസക്യാമ്പുകൾ
- വിജയഭേരി, അക്ഷരപൂലരി
- ശ്രദ്ധ നന്മ-ഭിന്നശേഷിപരിപോഷണം
- സാമൂഹ്യ, ഗണിത, ശാസ്ത്ര ലാബ് ശാക്തീകരണം
- ശാസ്ത്ര ,ഗണിത ശാസ്ത്ര , സാമൂഹിക ശാസ്ത്ര, പ്രവൃത്തിപരിചയ മേളകൾ
- പൊതുവിജ്ഞാന സദസ്സ്
- അഭിനയ കളരി
- കലാകായിക,ശാസ്ത്ര ദിനാചരണങ്ങൾ
- ക്ലബ്ബ് രൂപീകരണവും പ്രവർത്തനങ്ങളും
- ഭാഷാതല അസംബ്ലികൾ
- കായിക പരിശീലനം
- കലാപഠനം
- അധ്യാപക ശാക്തീകരണ ശില്പശാലകൾ
- പ്രാദേശിക ചരിത്രരചനകൾ, പ്രദേശിക സന്ദർശനങ്ങൾ

# മാസ്റ്റർപ്ലാൻ –മലയാളം (എൽ പി)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അടിസ്ഥാന ഭാഷാ ശേഷി വികസനം | ഭാഷ കളരി.. പാട്ടുകളും കഥകളുമായി കുട്ടിക്കൂട്ടങ്ങൾ സംഘടിപ്പിക്കൽ അമ്മമാരുടെ കഥാവതരണം | അക്കാദമിക വർഷം | അധ്യാപകർ | |
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്കായി പ്രത്യേക മൊഡ്യൂൾ തയ്യാറാക്കി പരിശീലനം സംഘടിപ്പിക്കൽ ആവശ്യമായ സാമഗ്രികൾ നിർമ്മിക്കൽ | അക്കാദമിക വർഷം | അധ്യാപകർ | |
| വായനാശേഷി വളർത്തൽ | ക്ലാസ്സ് ലൈബ്രറി, വായനക്കൂട്ടം, പുസ്തക പരിചയം, | അക്കാദമിക വർഷം | അധ്യാപകർ | |
| എഴുത്ത് പരിപോഷിപ്പിക്കൽ | സ്വതന്ത്ര രചനയ്ക്ക് എഴുത്തുകൂട്ടം സംഘടിപ്പിക്കൽ, ഒരു വ്യവഹാര രൂപത്തിലുള്ള സൃഷ്ടിയെ b വേറൊരു വ്യവഹാര രൂപത്തിലേക്ക് മാറ്റി എഴുതൽ | അക്കാദമിക വർഷം | അധ്യാപകർ | |

# മാസ്റ്റർപ്ലാൻ –ഇംഗ്ലീഷ്  (എൽ പി )

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കാൻ അവസരം നൽകൽ | കാർട്ടൂൺ പ്രദർശനം, സിനിമാ പ്രദർശനം (കുട്ടികളുടെ )<br>വാർത്ത, ക്രിക്കറ്റ് ഫുട്ബോൾ പോലുള്ള കളികൾ കാണൽ<br>ഇംഗ്ലീഷ് അസംബ്ലി | അക്കാദമിക വർഷം | അധ്യാപകർ | |
| ഇംഗ്ലീഷ് ഫലപ്രദമായി എഴുതാനും വായിക്കാനും സംസാരിക്കാനും ഉള്ള ശേഷി മെച്ചപ്പെടുത്തൽ | ഇംഗ്ലീഷ് അസംബ്ലി<br>ന്യൂസ് റീഡിങ്, ഡയറി, സ്കിറ്റ് അവതരണം | അക്കാദമിക വർഷം | അധ്യാപകർ | |
| ഇംഗ്ലീഷ് കോർണർ | കുട്ടികളുടെ നിലവാരത്തിനു അനുയോജ്യമായ പുസ്തകങ്ങൾ ഉൾപ്പെടുന്ന വായനാ മൂല, വായനവേള  ഒരുക്കൽ, ക്ലാസ്സിൽ കഥ ക്യായിച്ചുകൊടുക്കൽ | അക്കാദമിക വർഷം | അധ്യാപകർ | |

# മാസ്റ്റർപ്ലാൻ –സയൻസ് (എൽ പി )

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും | പ്രകൃതി നടത്തം പുഷ്പോദ്യാനം, ഔഷധത്തോട്ടം, കാവ് സന്ദർശനം | അക്കാദമിക വർഷം | അധ്യാപകർ | |
| ശാസ്ത്ര ലാബ് | LP കുട്ടികൾക്ക് അനുയോജ്യമായ ശാസ്ത്ര ലാബ് ഒരുക്കൽ, ക്ലാസ്സ് മുറികളിൽ ശാസ്ത്രമൂല ഒരുക്കൽ | അക്കാദമിക വർഷം | അധ്യാപകർ | |
| ശാസ്ത്ര യാത്ര | ശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കൽ, വാനനിരീക്ഷണ കേന്ദ്രങ്ങൾ സന്ദർശിക്കൽ | ജൂലൈ | അധ്യാപകർ | |
| പരീക്ഷണങ്ങൾ.. നിരീക്ഷണങ്ങൾ | അനുയോജ്യമായ സാമഗ്രികൾ സ്വയം തിരഞ്ഞെടുത്ത് പരീക്ഷണം ചെയ്ത് നിഗമനത്തിൽ എത്തൽ | അക്കാദമിക വർഷം | അധ്യാപകർ | |

# മാസ്റ്റർപ്ലാൻ –ഗണിതം (എൽ പി )

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | ജ്യാമിതീയ രൂപങ്ങളുടെ നിർമാണം<br>ഏകദിന ക്യാമ്പ്<br>ഗണിതം മധുരം കളികളിലൂടെ ഗണിത പ്രവർത്തനങ്ങൾ ക്യാമ്പ് | അക്കാദമിക വർഷം | അധ്യാപകർ | |
| ഗണിതലാബ് | ഗണിത പഠനം ലളിതവും സുതാര്യവും ആക്കാൻ ഗണിത ലാബ് ഉപയോഗപ്പെടുത്തൽ<br>വീട്ടിലൊരു ഗണിത ലാബ്, കുട്ടിക്കൊരു ഗണിതകിറ്റ് | അക്കാദമിക വർഷം | അധ്യാപകർ | |
| ഗണിതമേള ഗണിത ശേഷികളുടെ പ്രകടനം. | കുട്ടികൾ നേടിയ ഗണിത ശേഷികൾ രക്ഷിതാക്കൾ ക്ക് മുന്നിൽ അവതരിപ്പിക്കൽ | അക്കാദമിക വർഷം | അധ്യാപകർ | |

# മാസ്റ്റർപ്ലാൻ -മലയാളം (യു പി )

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷയുടെ അടിസ്ഥാന ശേഷി വികസം., ആശയ സംവേദനം വളർത്താനും പദസമ്പത്ത് വർധിപ്പിക്കാനും പഠിതാക്കളെ പ്രാപ്തരാക്കുക | എന്റെ അവധിക്കാലം<br>പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാര രൂപങ്ങളില്ല ടെ(കഥ, കവിത, യാത്രാനുഭവം ,അനുഭവ വിവരണം ) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | 1000 |
| | ഭാഷാ കേളി<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചു വരുന്ന വരികൾ ഉച്ചരിച്ചു അക്ഷര ശുദ്ധി, ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | 1000 |
| | വാക്കുകളിൽ നിന്ന് വാക്യത്തിലേക്ക്<br>അക്ഷരങ്ങളും ചിഹ്നങ്ങും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ മാസം | മലയാളം അധ്യാപകർ | 1000 |

| | | | | |
|---|---|---|---|---|
| പഠിതാവിൽ അർത്ഥപൂർണമായ വായന ഉറപ്പു വരുത്തുന്നു. | വാർത്താലോകത്തേക്ക്<br><br>പത്രം ,ആഴ്ചപതിപ്പ്., മാസികകൾ എന്നിവ കുട്ടികൾവായിക്കുകയുംപ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു.<br><br>2. വാർത്താവായന<br><br>നവ മാധ്യമ കളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു.ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുക്കപ്പെട്ട കുട്ടിക്ക് അവസരം നൽകുന്നു.<br><br>അതാതു മാസത്തെ സംഭവങ്ങൾ ആസ്പദ മാക്കി ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുന്നു. | പ്രതി മാസം<br><br>വർഷത്തിൽ മൂന്നു പ്രാവശ്യം | വിദ്യാരംഗം ക്ലബ്<br><br>വിദ്യാരംഗം ക്ലബ് | 2000<br><br>3000 |
| സാഹിത്യ കൃതികളോടും സാഹിത്യകാരന്മാരോടും | സംവാദം/അഭിമുഖം | വർഷത്തിൽ രണ്ടു തവണ | വിദ്യാരംഗം ക്ലബ്,HM, പി. ടി. | 5000 |

| | | | | |
|---|---|---|---|---|
| അനുകൂല മനോഭാവം വളർത്തുന്നതിനും കുട്ടികളുടെ സർഗ്ഗശേഷി വളർത്തുന്നതിനും | സാഹിത്യകാരന്മാർ, കലാകാരന്മാർ,എഴുത്തുകാർ എന്നിവരുമായി സംവാദം, അഭിമുഖം നടത്തുക. | | എ | |
| മലയാളം കമ്പ്യൂട്ടിങ് പരിശീലനംനേടിയെടുക്കലും സർഗ്ഗത്മകശേഷി വളത്തിയെടുക്കലും | ഇ കമ്പ്യൂട്ടറിങ്<br><br>എല്ലാ കുട്ടികൾക്കും മലയാളം കമ്പ്യൂട്ടർ പരിശീലനം നൽകുക.ഇ മാഗസിൻ പ്രസിദ്ധികരിക്കുക.<br><br>മുഴവൻ കുട്ടികളുടെയും സർഗ്ഗത്മക രചനകൾഉൾക്കൊ ള്ളിച്ചു കൊണ്ട് മാഗസിൻ തയ്യാറാക്കുക. | രണ്ടു വർഷം വർഷവസാനം | ഐ. ടി. അധ്യാപകർ, വിദ്യാരംഗം ക്ലബ് | 2000 |
| കുട്ടികളുടെ കലാവാസന പരിപോഷിപ്പിക്കൽ | രംഗവിഷ്കാരം.<br><br>പാഠഭാഗവുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘുനാടകങ്ങൾ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകണം. വിദഗ്ധരായ കലാകാരന്മാരെ പങ്കെടുപ്പിച്ച് ശില്പശാല സംഘടിപ്പിക്കുക. | അക്കാദമിക വർഷം | സ്കൂൾ ,പി.ടി.എ. | 5000 |

# മാസ്റ്റർപ്ലാൻ –ഇംഗ്ലീഷ് (യു പി )

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | Lend your Ear– ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് ക്ലബ് |
| | Follow Me If You Can! ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | ജൂൺ | അധ്യാപകർ | |
| | Breaking News: ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു. | നവംബർ | അധ്യാപകർ | |
| | Missing Man: അധ്യാപികയും വിദ്യാർഥിയും തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്ത് കുട്ടികളെ | ജൂൺ | അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | കേൾപ്പിക്കുന്നു. തുടർന്ന് അധ്യാപികയുടെ സംഭാഷണം നീക്കം ചെയ്ത് കുട്ടിയുടെ സംഭാഷണം മാത്രം കേൾപ്പിക്കുന്നു. അധ്യാപികയുടെ ഭാഗം മറ്റ് കുട്ടികൾക്ക് അവതരിപ്പിക്കുവാനുള്ള അവസരം ഒരുക്കുന്നു.<br>Treasure Hunt: വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിഭിന്ന അറകളാക്കുന്നു.ഓരോ അറകൾക്കും നമ്പർ നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെ കുറിച് വർണ്ണിക്കുന്നു. വസ്തു എന്തെന്ന് മറ്റ് കുട്ടികൾ തിരിച്ചറിയുന്നു. പോയിന്റ് നൽകുന്നു. | ആഗസ്ത് | അധ്യാപകർ | |
| ഭാവാത്മക വായന പരിശീലിപ്പിക്കുന്നു. | Meet the Foreigner:<br>തനത് ഭാഷ സംസാരിക്കുന്ന വ്യക്തികളുമായി ആശയ വിനിമയം നടത്തുവാനുള്ള അവസരം ഒരുക്കുന്നു<br>One Man Show:<br>ആശയം നൽകി ഇംഗ്ലീഷിൽ ഏകഭിനയത്തിന്ന് പ്രോത്സാഹനം നൽകുന്നു. | വർഷത്തിൽ ഒരു തവണ.<br><br>ഒക്ടോബർ | ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് ക്ലബ് |

| | | | | |
|---|---|---|---|---|
| | I Too Can!! വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു. (ലളിതമായതിൽ നിന്നും സങ്കീർണ്ണമായതിലേക്ക്)<br>Learning Ladder:<br>പാഠഭാഗത്തുനിന്നും തിരഞ്ഞെടുത്ത കുറച്ചു വാക്കുകൾ എഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. മുഴുവൻ വാക്കുകളും ശരിയായി കണ്ടെത്തുന്നവർക്ക് പരിപാടിയായി ഏണിയുടെ ഉയരങ്ങൾ കീഴടക്കാൻ സാധിക്കുകയും ഒളിഞ്ഞിരിക്കുന്ന സമ്മാനം ലഭിക്കുകയും ചെയ്യുന്നു.<br>F. M. Corner:<br>വ്യത്യസ്തമായ കഥകൾ Reader's Theatre റേഡിയോ ഡ്രാമ രൂപത്തിൽ അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു.<br>Reader of the Month: | ജൂലൈ<br><br>സെപ്റ്റംബർ<br><br>ടേമിൽ ഒരു തവണ | | |

| | | | | |
|---|---|---|---|---|
| | ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി. Reader of the Month നെ ആദരിക്കുന്നു | മാസം തോറും | | |
| തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതുവാൻ പ്രാപ്തരാക്കുന്നു | My Droplets: കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ, മിനി ഡിക്ഷണറി എന്നിവ തയ്യാറാക്കുന്നു.<br>Alert Zone:<br>സൂചന ബോർഡുകൾ പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു.<br>Run Baby Run:<br>ക്ലാസിനെ ഗ്രൂപ്പുകളാ ക്കുന്നു. ചാർട്ടിൽ എഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരു പ്രാവശ്യം വായിച്ചതിനുശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്നു. ഏറ്റവും ആദ്യം വാക്യങ്ങൾ തെറ്റുകൂടാതെ എഴുതിയ ഗ്രൂപ്പിലെ വിജയിയായി പ്രഖ്യാപിക്കുന്നു.<br>Fun time Funda: | വർഷാവസാനം<br>ദിനാചരണങ്ങളിൽ<br>ഫെബ്രുവരി | | |

| | | | | |
|---|---|---|---|---|
| | ബന്ധങ്ങളുടെ കടംകഥകൾ, കുസൃതി ചോദ്യങ്ങൾ, ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. | എല്ലാ ഇംഗ്ലീഷ് പിരീഡും | | |
| ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു. | The Grand Camp:<br>ഇംഗ്ലീഷിൽ പ്രാവീണ്യ ഉള്ള രക്ഷിതാക്കളെയും സമൂഹത്തിലെ മറ്റ വ്യക്തികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച ഒരു ഇംഗ്ലീഷ് ക്യാമ്പ് നടത്തുന്നു. 5, 6, 7 ക്ലാസിലെ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികളുമായി മുന്നോട്ട് വരാൻ അവസരം ഒരുക്കുന്നു.<br>അഞ്ചാം ക്ലാസിനായി കഥ പറയൽ, കഥയെഴുത്ത്<br>ആറിന് Role play നാടകം എന്നിവ പ്രച്ഛന്ന വേഷരായിഏഴാം ക്ലാസിന് കവിതയുടെ പ്രസംഗം തുടങ്ങിയവ.<br>ക്യാമ്പിന് ഒരു ഡോക്യുമെന്ററി/ ഫിലിം ഷോ. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ, പിടിഎ ഭാരവാഹികൾ, രക്ഷിതാക്കൾ. | |

# മാസ്റ്റർപ്ലാൻ – ഹിന്ദി (യു പി )

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| യുപി തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ | അക്ഷരം എഴുത്ത്<br><br>ചിഹ്നം ഉറപ്പിക്കൽ<br><br>അക്ഷരക്കകാർഡ്<br><br>വാക്കുകൾ എഴുതിയ കാർഡ്<br><br>ഓൺലൈൻ അക്ഷരമാല കളികൾ<br><br>ക്ലാസ്സിൽ അക്ഷരമാല പ്രദർശനം<br><br>വാക്കുകൾ നിർമാണം<br><br>വാക്യ നിർമ്മാണം<br>(HS വിഭാഗത്തിലെ പിന്നോക്കാവസ്ഥയിലുള്ള കുട്ടികളിൽ പ്രീ ടെസ്റ്റ് നടത്തി മുകളിലെ പ്രവർത്തനങ്ങൾ | ജൂൺ മുതൽ ഓഗസ്റ്റ് വരെ | അധ്യാപകർ<br><br>പിന്തുണ<br>BRC,<br>DIET,<br>SCERT(ആവശ്യമെങ്കിൽ), റിസോഴ്സ് ടീച്ചേഴ്സ് | |

| | | | | |
|---|---|---|---|---|
| | നടത്താം ) | | | |
| വീട് ഒരു പരീക്ഷണശാല( കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക) | വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക<br>ഐസിടി സഹായത്തിലൂടെ വസ്തുക്കൾ വാക്കുകൾ പരിശീലിക്കാനുള്ള അവസരം<br>CWSN കുട്ടികളുടെ പങ്കാളിത്തം | സെപ്റ്റംബർ മുതൽ ഒക്ടോബർ വരെ | അധ്യാപകർ<br>പിന്തുണ<br>PTA<br>BRC<br>റിസോഴ്സ് ടീച്ചർ | |
| രചനകൾ വികസിപ്പിക്കാനുമുള്ള അവസരം<br>( സുരിലി ഹിന്ദി ) | ഹിന്ദി അസംബ്ലി<br>ദിനാചരണങ്ങൾ( പ്രത്യേകിച്ച് സെപ്റ്റംബർ 14 ജനുവരി 10)<br>ക്ലാസ് ലൈബ്രറി<br>അധിക വായന സമഗ്രികൾ<br>ചിത്ര സഹായത്തോടെ ചിത്രകഥ തയ്യാറാക്കൽ<br>ചിത്രം അടിക്കുറിപ്പ്<br>ചിത്രം കഥ പറയൽ<br>ചിത്രം കഥയെഴുതൽ<br>കഥ ബാക്കിയെഴുതൽ<br>വായനാ മൂല<br>ഹിന്ദി ക്ലബ്ബ് പ്രവർത്തനങ്ങൾ | നവംബർ മുതൽ ഫെബ്രുവരി വരെ | അധ്യാപകർ<br>പിന്തുണ<br>BRC<br>DIET<br>PTA<br>SCERT | |

# മാസ്റ്റർപ്ലാൻ –സയൻസ് (യു പി )

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ജീവിതസാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | 1 .ജൈവവൈവിധ്യ പാർക്ക്<br><br>ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം, ശലഭോദ്യാനം എന്നിവ ഉൾക്കൊള്ളിച്ച കൊണ്ടുള്ള പാർക്ക് .<br><br>2 പരീക്ഷണക്കളരി<br>നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു.പരീക്ഷണക്കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു.<br><br>3.പരിശീലനക്കളരി<br>പാഠഭാഗവുമായി ബന്ധപ്പെട്ട് വിദഗ്ധരെ ഉപയോഗപ്പെടുത്തി ഗ്രാഫ്റ്റിംഗ് , ബഡ്ഡിംഗ് | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ്, ഇക്കോ ക്ലബ് | പി.ടി.എ |

| | | | | |
|---|---|---|---|---|
| | ക്ലാസ് കൈകാര്യം ചെയ്യുന്നു.<br><br>4. സോപ്പ് നിർമ്മാണ പ്രവർത്തനം<br><br>പഠനപ്രവർത്തനത്തിന്റെ ഭാഗമായി സോപ്പ് നിർമ്മാണ പ്രവർത്തനം ശാസ്ത്ര അധ്യാപകരുടെ നേതൃത്വത്തിൽ നടത്തുന്നു<br><br>5.കൃഷിയൊരുക്കം<br>പഠന പ്രവർത്തനവുമായി ബന്ധപ്പെട്ട് കൃഷിയിടങ്ങൾ സന്ദർശിക്കൽ , കാർഷിക മേഖലയുമായി ബന്ധപ്പെട്ട ഉപകരണങ്ങളുടെയും വിവിധയിനം വിത്തുകളുടെയും പ്രദർശനം. | ജൂലൈ മുതൽ | | |
| ശാസ്ത്ര പ്രക്രിയ ശേഷി വികസിക്കുക.ആധുനിക ശാസ്ത്ര ഉപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക | സ്റ്റഡൻറ് മൈൻഡ്<br>പഠന പ്രവർത്തനവുമായി ബന്ധപ്പെട്ട പ്രോജക്റ്റുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരംനൽകുക. ശാസ്ത്രവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയച്ചുമര് ഓരോ ക്ലാസിലുംനിർമ്മിക്കൽ | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ | സയൻസ് ക്ലബ്ബ് പിടിഎ |

| | | | | |
|---|---|---|---|---|
| | •<br><br>യുറേക്ക<br>കുട്ടികളുടെ ശാസ്ത്രബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര ലൈബ്രറി തയ്യാറാക്കൽ | | | |
| ശാസ്ത്ര പഠനത്തിൽ സാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുക. | വിസ്മയ യാത്ര<br><br>ICT സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾകുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്ര സത്യങ്ങൾ,ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾ, പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം | അക്കാദമിക വർഷം | ശാസ്ത്ര അദ്ധ്യാപകർ | |

# മാസ്റ്റർപ്ലാൻ –സോഷ്യൽ സയൻസ് (യു പി )

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ | A അങ്കത്തട്ട്- കളിയിൽ നിന്ന് കാര്യത്തിലേക്ക് സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു<br>B. ഓർമ്മച്ചെപ്പ്:- അന്തർദേശീയ തല മുതൽ ജില്ലാതലം വരെയുള്ള നദികൾ ഭൂപ്രകൃതി തലസ്ഥാനങ്ങൾ വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യതകൾ ഉപയോഗിച്ച് memory test നടത്തുന്നു | അക്കാദമിക വർഷാരംഭം (ജൂൺ)<br>അക്കാദമിക വർഷാരംഭം (ജൂൺ ) | സാമൂഹ്യശാസ്ത്ര അധ്യാപകർ<br>സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| പഠിതാക്കളെ ചരിത്രാവബോധമുള്ളവര ാക്കി മാറ്റിയെടുക്കുക | Virtual field trip ICT സാധ്യതകൾ ഉപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | വളർത്തുന്നു | | | |
| ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക് ഗ്രാമസഭ വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത ജനാധിപത്യരീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| പ്രകൃതിദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു | പ്രകൃതി താണ്ഡവം -നേർക്കാഴ്ച ഭൂകമ്പം സുനാമി കൊടുങ്കാറ്റ് വെള്ളപ്പൊക്കം ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതിദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസ്സിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ ഡെമോൺസ്ട്രേഷൻ ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ | നന്മയുടെ നുറുങ്ങുവെട്ടം : പ്രകൃതിദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ ഇരകളായ വ്യക്തികൾ എന്നിവരെ | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| | | | | |
|---|---|---|---|---|
| പ്രോത്സാഹിപ്പിക്കുന്നു | സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസഹസ്തമാകുന്നു | | | |
| വിവരവിനിമയ സാങ്കേതികവിദ്യയുടെ ദുരുപയോഗങ്ങളെ കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെ കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | ചിലന്തി വലയിൽ നിന്ന് കുതിച്ചുചാട്ടം: സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷാ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷാ സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 7. സുസ്ഥിരവികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു | കാടെവിടെ മക്കളെ( ഫീൽഡ് ട്രിപ്പ്, സർവ്വേ) പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ കണ്ടൽക്കാടുകൾ തണ്ണീർത്തടങ്ങൾ ജലാശയങ്ങൾ കാടുകൾ | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | എന്നിവ സന്ദർശിച്ച സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു | | | |
| 8. സാമൂഹ്യശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു | പുതുചക്രവാളത്തിലേക്ക്: സിവിൽ സർവീസ് പരീക്ഷകൾ എഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരിക ലോകം സൃഷ്ടിക്കുന്നു. മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ട് എന്ന രീതിയിലുള്ള ചോദ്യോത്തര വേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

# മാസ്റ്റർപ്ലാൻ –ഗണിതം (യു പി )

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| യുക്തിചിന്ത വളർത്തൽ | ഗണിത പസിലുകൾ ക്ലാസ് തലം | വർഷം | അധ്യാപകൻ | |
| ത്രിമാനരൂപങ്ങൾ കൃത്യതയോടും സൂക്ഷ്മതയോടും കൂടി വരക്കൽ /നിർമ്മിക്കൽ | ജോമടിക്കൽ പാറ്റേൺ നിർമ്മാണം ക്ലാസ് തലം | വർഷത്തിൽ ഒരുതവണ | ഗണിത അധ്യാപകൻ | |
| അടിസ്ഥാന ഗണിതക്രിയകളിൽ പ്രാവീണ്യം നേടുന്നതിന് | ഗണിത ക്ലാസുകൾ ക്ലാസ് സ്ഥലം (വൈകുന്നേരങ്ങളിൽ) | ജൂൺ ജൂലൈ | ഗണിത അധ്യാപകൻ | |
| ഗണിത മേഖലയിൽ താല്പര്യം വളർത്താനും രസകരമാക്കാനും | വിദഗ്ധരുടെ ക്ലാസ്സ് | വർഷത്തിൽ ഒരുതവണ | ഗണിത വിദഗ്ധൻ | |
| ഗണിത പഠന പ്രവർത്തനം സുഗമമാക്കൽ | ഗണിത ലാബ് ഒരുക്കൽ ഗണിത ക്ലാസ് നടത്തൽ | വർഷം മുഴുവൻ | ഗണിത അധ്യാപകൻ | |
| രസകരമായ ഗണിത പഠനവും കരചലന ശേഷികളുടെവികാസവും | പഠനസാമഗ്രി നിർമ്മാണം | ആവശ്യാനുസരണം | ഗണിത വിദഗ്ധൻ | |

# മാസ്റ്റർപ്ലാൻ –മലയാളം (എച്ച് . എസ് )

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1.ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കാൻ | പ്രീടെസ്റ്റ്<br>അക്ഷരം, ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>അക്ഷരക്കാർഡ്, പദക്കാർഡ് നൽകൽ.<br>വാക്കുകൾ, വാക്യങ്ങൾ നിർമിക്കൽ<br>ചിത്രം നൽകി അടിക്കുറിപ്പ് നിർമാണം<br>ഡയറി എഴുത്ത്<br>നോക്കി എഴുത്ത്<br>വായനക്കാർഡ് വായിപ്പിക്കൽ<br>പ്രത്യേക ക്ലാസ് | ജൂൺ– ജൂലൈ – ആഗസ്റ്റ് | അധ്യാപകർ | 5000 |
| 2 .കുട്ടിയെ മികച്ച വായനക്കാരാക്കുക | ക്ലാസ് ലൈബ്രറി ഒരുക്കൽ<br>ക്ലാസ് വായനക്കൂട്ടം രൂപീകരിക്കുക<br>വായനോത്സവം<br>പുസ്തക ചർച്ച<br>പത്രവായന<br>വായനാനുഭവം പങ്ക് വെയ്ക്കൽ<br>സാഹിത്യകാരന്മാരുമായുള്ള അഭിമുഖം | ജൂൺ മുതൽ ഡിസംബർ വരെ | അധ്യാപകർ ,പി ടി എ | 5000 |

| | | | | |
|---|---|---|---|---|
| 3.ദിനാചരണം – വിവിധ ദിനാചരണങ്ങളുടെ പ്രാധാന്യം മനസിലാക്കി സംഘ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു | ദിനാചരണ പ്രവർത്തനങ്ങൾ ലിസ്റ്റ് ചെയ്യൽ<br>ആസൂത്രണം ചെയ്യൽ ' എസ് ആർ. ജി സബ്ജക്ട്കൗൺസിൽ<br>ക്ലാസ്തലം സ്കൂൾ തല പ്രവർത്തനങ്ങൾ । | ജൂൺ – മാർച്ച് | അധ്യാപകർ, പി ടി എ ,വിദ്യാരംഗം കലാസാഹിത്യവേദി | 5000 |
| 4.നാടകക്കളരി – ദൃശ്യാവിഷ്കാരം<br>ഒരു സാഹിത്യ രൂപത്തെ മറ്റൊരു രൂപത്തിലേക്ക് മാറ്റൽ | 8, 9, 10 പാഠ പുസ്തകങ്ങളുടെ നാടകാവിഷ്കാരം , ദൃശ്യാവിഷ്കാരം | 6 മാസം | അധ്യാപകൻ പിടി എ | |
| 5. രചനാ ശില്പശാല – മാതൃഭാഷയിലെ വിവിധ ശേഷികളുടെ വികാസം | 1 കഥയരങ്ങ് , കവിയരങ്ങ്, സർഗാത്മക രചനാ ശില്പശാല സംഘടിപ്പിക്കൽ, ഉല്പന്നങ്ങൾ പ്രസിദ്ധീകരിക്കൽ | 3 മാസത്തിലൊരിക്കൽ | അധ്യാപകർ എസ്.ആർ.ജി വിദ്യാരംഗം കലാസാഹിത്യവേദി , ലൈബ്രറി കൗൺസിൽ | 5000 |

# മാസ്റ്റർപ്ലാൻ –ഇംഗ്ലീഷ് (എച്ച് . എസ് )

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| EFFECTIVE LISTENING | – Reading textual passages by teachers and skilled students<br>– Word games<br>– Sentence games<br>– Audio / video clippings<br>– Work sheets on audio clippings<br>– Selected speeches<br>– News reading<br>– Interviews,seminars and debates<br>– Story telling<br>– Chain story | June,July,August | Teachers,<br>PTA ,MPTA | 500 |
| DEVELOP SPEAKING SKILLS | – Word/sentence games<br>– Tongue twisters<br>– Proverbs, idioms with visual support<br>– Role play<br>– Interviews<br>– Seminars,debates and quiz competitions | September,<br>October,<br>November | Teachers,,Experts<br>PTA<br>MPTA | 2000 |

| | | | | |
|---|---|---|---|---|
| | - Story telling<br>- Chain Story<br>- English Fest<br>- Theatre workshop<br>- English assembly<br>- Dramatisation of stories<br>- Panel discussion | | | |
| EFFECTIVE READING TO COMPREHEND AND ANALYSE PASSAGE | - Teacher reads passages with proper pronunciation, stress and intonation<br>- Reading by skilled learners.<br>- Introducing word/ sentence cards<br>- Peer group Reading<br>- Audio/ video clippings on Reading<br>-Readers theatre<br>- Work sheets on reading .<br>-MCQ s on reading passage.<br>- Audio / video on pronunciation.<br>- News reading.<br>- School radio.<br>- Using illustrative story books. | 2025--2026 | Teacher, PTA, MPTA, Experts | 2500 |

| | | | | |
|---|---|---|---|---|
| MINIMISE DEFFECTIVE SENTENCE PATTERN AND ILLEGIBLE HANDWRITING | Making sentence cards<br>_Practice sentence patterns using ICT-(Conversations)<br>-Sentence games<br>-Worksheets on rearranging jumbled words<br>-Writing English diary<br>-Peer group learning<br>-Manuscript magazine<br>-Caligraphy Competition | 2025-26 | Teachers<br>PTA | 1000 |
| ADDRESSING SLOW LEARNERS | -Slots in TLM for low pace learners<br>-Special coaching for slow learners | 2025-26 | Teachers<br>PTA,BRC | 1000 |
| SUPPORT TO GIFTED CHILDREN | -Slots for creative writing<br>-Teacher support on creative writing<br>-English library<br>-Digital magazine<br>-Debate and Seminar competitions<br>-Role play competitions<br>-Workshop on creative writing<br>-Developing translation skills | November<br>December | Teachers<br>PTA<br>MPTA<br>Experts | 2500 |

# മാസ്റ്റർപ്ലാൻ – ഹിന്ദി (എച്ച് . എസ് )

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി എഴുതാനും വായിക്കാനും സംസാരിക്കുവാനുമുള്ള കഴിവ്, ഓരാ യൂണിറ്റിലും ലഭിക്കേണ്ട പഠന മികവുകൾ കുട്ടികൾക്ക് ലഭിച്ചു എന്ന് ഉറപ്പ് വരുത്തുക | അക്ഷര മാല കാർഡ് നൽകുക ഹിന്ദി വാക്കുകൾ നൽകുക ക്ലാസ്സിൽ ഹിന്ദി മാത്രം സംസാരിക്കുക ഹിന്ദി ന്യൂസ് ഹിന്ദി ചാനൽ വീഡിയാസ് എന്നിവ കാണാനുള്ള അവസരങ്ങൾ ഒരുക്കുക | അക്കാദമിക വർഷം | ഹിന്ദി അധ്യാപകർ | PTA രക്ഷിതാക്കൾ മറ്റെന്തെങ്കിലും സാമ്പത്തിക സ്രോതസ്സുകൾ |
| ഭിന്നശേഷി കുട്ടികൾക്ക് ആവശ്യമായ പഠന പ്രവർത്തനങ്ങൾ ലഭിക്കുക | കേട്ടെഴുത് പദസൂര്യൻ ചെറിയ കവിത കഥകൾ എന്നിവ എഴുതിക്കുന്നു ചെറിയ ഹിന്ദി പുസ്തകങ്ങൾ വായിക്കാനായി നൽകുന്നു | അക്കാദമിക വർഷം | ഹിന്ദി അധ്യാപകർ | PTA രക്ഷിതാക്കൾ മറ്റെന്തെങ്കിലും സാമ്പത്തിക സ്രോതസ്സുകൾ |
| സാഹിത്യാഭിരുചി വളർത്തുക,കവിത ആസ്വാദനം, ഡയറി കഥ ഇവ ആസ്വദിക്കുക | എല്ലാ ദിവസവും ഹിന്ദി ഡയറി എഴുതുക ഹിന്ദി പ്രസംഗിക്കുക എന്നിവയിൽ പരിശീലനം നൽകുന്നു | അക്കാദമി ക വർഷം | ഹിന്ദി അധ്യാപകർ | PTA രക്ഷിതാക്കൾ മറ്റെന്തെങ്കിലും സാമ്പത്തിക സ്രോതസ്സുകൾ |

# മാസ്റ്റർപ്ലാൻ –സയൻസ് (എച്ച് . എസ് )

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1.അത്ഭുത കണ്ണിലൂടെ<br><br>കൗതുകം, ജിജ്ഞാസ,നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക | ലഘുപരീക്ഷണങ്ങൾ സഹപാഠികൾക്കുമുന്നിൽ കുട്ടികൾ തന്നെ കാണിച്ചു കൊടുക്കാൻ അവസരം നൽകുന്നു.മോഡലുകൾ നിർമ്മിക്കാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞു കൊടുത്തു കുട്ടികളെ കൊണ്ട് മോഡൽ നിർമ്മിക്കുന്നു.പാഠങ്ങളുമായി ബന്ധപ്പെട്ട വസ്തുക്കളുടെ പ്രദർശനം<br>ലഘു പ്രൊജക്റ്റ് കൊടുത്ത് മെച്ചപ്പെട്ടത് സ്കൂളിൽ പൊതുവേദിയിൽ അവതരിപ്പിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അദ്ധ്യാപകർ | PTA |
| 2.ശാസ്ത്ര ലോകത്തേക്ക്<br><br>നിരന്തരമായി അന്വേഷിക്കുകയും ലഭിച്ച വിവരങ്ങൾ വിശകലനംചെയ്യാനുള്ള | ക്ലാസ്സുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ചുമെച്ചപ്പെട്ടതു പൊതു വേദികളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു<br>വർഷത്തിൽ ഒരുപ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ | അക്കാദമിക വർഷം | സയൻസ് അദ്ധ്യാപകർ | science club |

| | | | | |
|---|---|---|---|---|
| ശേഷി നേടുകയും ചെയ്യുന്നു | പ്രദർശിപ്പിക്കാനാവസരം നൽകുന്നു ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു | | | |
| 3.ഹൈ ടെക് വേൾഡ് : മാനവികതയിൽ ഊന്നിയുള്ള ശാസ്ത്ര ബോധം വളർത്തുക | ക്ലാസ്സുകളിൽ ശാസ്ത്ര ലൈബ്രറി ,ശാസ്ത്ര മാസിക പ്രസിദ്ധീകരണം സയൻസ് ലാബ്,ഐ .ടി ലാബ് എന്നിവ ആധുനികവൽക്കരിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അദ്ധ്യാപകർ | PTA |
| 4. വൈജ്ഞാനിക ബഹിർസ്ഫുരണം :<br><br>അന്വേഷണ തൃഷ്ണ വർധിപ്പിക്കൽ,നേര റിവു നേടൽ | തണൽ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കൽ,ഉള്ള സൗകര്യത്തിൽ ഔഷധ തോട്ടം ,പച്ചക്കറി തോട്ടം നിർമ്മിക്കൽ പുതുപുത്തൻ സാങ്കേതിക വിദ്യയും പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടുന്നു.<br>സംസ്ഥാന ദേശീയ തലത്തിലുള്ള,ക്വിസ്,സെമിനാർ,പ്രൊജക്റ്റ് മുതലായവയിൽ പങ്കെടുക്കുന്ന ശാസ്ത്രകാരന്മാരുമായി സംവദിക്കൽ | അക്കാദമിക വർഷം | ആരോഗ്യ ക്ലബ്,ഹരിതസേന,സയൻസ് ക്ലബ് | രക്ഷിതാക്കൾ ,PTA |

# മാസ്റ്റർപ്ലാൻ -സോഷ്യൽ സയൻസ് (എച്ച്എസ്)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ലഹരി വിമുക്തി | ബോധവൽക്കരണ ക്ലാസ് പോസ്റ്റർ നിർമ്മാണം ലഹരി വിമുക്ത റാലി | ജൂൺ | അദ്ധ്യാപകർ | |
| ജനസംഖ്യാവബോധം | സ്കൂൾ പാർലമെന്റ് സംവാദ ക്ലാസ് | ജൂലൈ | അദ്ധ്യാപകർ | |
| യുദ്ധവിരുദ്ധ അവബോധം | ഹിരോഷിമ നാഗസാക്കി ദിനാചരണം , റാലി , പോസ്റ്റർ | ഓഗസ്റ്റ് | അദ്ധ്യാപകർ | |
| ദേശീയ നേതാക്കളെ പരിചയപ്പെടൽ | സ്വാതന്ത്ര്യ ദിനാചരണം നൃത്തശില്പം | ഓഗസ്റ്റ് | അദ്ധ്യാപകർ | |
| ആഗോളതാപനത്തെ ക്കുറിച്ച് | ഓസോൺ ദിനാചരണം വീഡിയോ പ്രദർശനം ലോക സാക്ഷരതാ ദിനാചരണം ക്വിസ് | സെപ്റ്റംബർ | അദ്ധ്യാപകർ | |
| അഹിംസയുടെ പ്രാധാന്യം ഇന്നത്തെ ലോകത്ത് അവബോധം വളർത്തുന്നു | ഗാന്ധിജയന്തി തപാൽ ദിനാചരണം | ഒക്ടോബർ | അദ്ധ്യാപകർ | |
| ചരിത്ര സ്മാരകങ്ങളുടെ പ്രാധാന്യം തിരിച്ചറിയൽ | ഫീൽഡ് ട്രിപ്പ് | നവംബർ | അദ്ധ്യാപകർ | |

| | | | | |
|---|---|---|---|---|
| | | | | |
| അവകാശങ്ങളെ കുറിച്ച് ധാരണ ഉളവാക്കൽ | പതിപ്പ് നിർമ്മാണം മനുഷ്യാവകാശം | ഡിസംബർ | അദ്ധ്യാപകർ | |
| ഇന്ത്യൻ ഭരണഘടനയെ കുറിച്ച് വിവരങ്ങൾ ശേഖരിക്കൽ | റിപ്പബ്ലിക് ദിന റാലി വീഡിയോ പ്രസന്റേഷൻ | ജനുവരി | അദ്ധ്യാപകർ | |
| ഗാന്ധിജിയെ അടുത്തറിയാൻ | ഗാന്ധിസ്മൃതികളിലൂടെ | | അദ്ധ്യാപകർ | |
| തണ്ണീർത്തടങ്ങൽ സന്ദർശിക്കേണ്ടതിന്റെ ആവശ്യകത തിരിച്ചറിയൽ | തണ്ണീർത്തടം സന്ദർശനം | ഫെബ്രുവരി | അദ്ധ്യാപകർ | |

# മാസ്റ്റർപ്ലാൻ –ഗണിതം (എച്ച് . എസ് )

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1.ആശയധാരണ കൈവരിക്കൽ | പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ മാത്സ് ക്ലിനിക് | ജൂൺ ആദ്യവാരം | അധ്യാപകർ | |
| 2. നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ജ്യാമിതീയപെട്ടിയുടെ ലഭ്യത, ശില്പശാലകൾ | തുടർ പ്രവർത്തനം | അധ്യാപകർ | |
| 3.ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ | ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു | വർഷത്തിൽ ഒന്ന് | അധ്യാപകർ, പിടിഎ | പിടിഎ |
| 4.ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിതരൂപങ്ങൾ , അളവുകൾ ഇവ പരിചയപ്പെടൽ | ശില്പശാല നടത്തുന്നു ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷത്തിൽ ഒന്ന് | അധ്യാപകർ , ഗണിത ക്ലബ്ബ് | പിടിഎ |

| | | | | |
|---|---|---|---|---|
| 5. സംഘബോധം ഉണ്ടാക്കൽ | സംഘപഠനം | തുടർ പ്രവർത്തനം | അധ്യാപകർ,സംഘ ത്തലവൻ | |
| 6.കാലാനുസൃതമായി ചെറിയ ക്ലാസ് മുതലുള്ള തുടർപഠനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കുന്നു | വിഷയ സമിതിയുടെ മികച്ച പ്രവർത്തനം, ചർച്ചകൾ, പാഠാസൂത്രണം എന്നിവ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു | അക്കാദമിക വർഷം തുടർ പ്രവർത്തനം | വിഷയ സമിതികൺവീനർ, അധ്യാപകർ | |
| 7.ഗണിത മത്സരവേദിയിലേക്ക് മേളകളിൽ ഊർജ്ജസ്വലത കൈവരിക്കൽ | ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ | മാസത്തിൽ ഒന്ന് | ക്ലബ്ബ് സെക്രട്ടറി, അധ്യാപകർ, പിടിഎ | പിടിഎ |
| 8.ഗണിത ലാബ് | ശില്പശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ പഠന ഉപകരണങ്ങൾ ശേഖരിക്കൽ | മെയ് – ജൂൺ | ക്ലബ്ബ് സെക്രട്ടറി, അധ്യാപകർ, പിടിഎ | പിടിഎ |
| 9.രക്ഷിതാക്കളെ ബോധവൽക്കരിക്കൽ | മാസത്തിൽ ഒരു പിടിഎ നടത്തുന്ന ചുമതലകൾ നൽകുന്നു | തുടർ പ്രവർത്തനം | അധ്യാപകർ, | |

# മാസ്റ്റർപ്ലാൻ – കല ,കായികം ,പ്രവൃത്തി പരിചയം (എച്ച് . എസ് )

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1.ഇന്ത്യയിൽ നിലനിൽക്കുന്ന തനത് ചിത്ര രചനാ ശൈലികളെ പരിചയപ്പെടുത്തുന്നു | വാർലി ചിത്രങ്ങൾ വരച്ച് നിറങ്ങൾ നൽകി ചിത്ര പ്രദർശനം നടത്തും | ജൂൺ– ജൂലൈ – ആഗസ്റ്റ് | അധ്യാപകർ, പി ടി എ | 1000/ |
| 2.വ്യത്യസ്ത സംഗീത രീതികളും കലാകാരൻമ്മാരെയും പരിചയപ്പെടൽ | വ്യത്യസ്ത രീതിയിലുള്ള സംഗീത രൂപങ്ങളേയും അതിൽ വരുന്ന പാട്ടുകളെയും കുറിച്ചുള്ള പ്രസന്റേഷനും കുട്ടികൾക്കായി മത്സരം സംഘടി | ജൂൺ മുതൽ ഡിസംബർ വരെ | അധ്യാപകർ, പി ടി എ | |
| 3. വിവിധ സംസ്ഥാനങ്ങളിലെ നൃത്തം, വേഷം, സംസ്കാരം എന്നിവ മനസിലാക്കൽ | ക്ലാസിക്കൽ നൃത്തരൂപങ്ങൾ, നാടൻ നൃത്തരൂപങ്ങൾ, ജനപ്രിയ നൃത്ത രൂപങ്ങൾ എന്നിവ കുട്ടികൾ അവതരിപ്പിക്കൽ | ജൂൺ – മാർച്ച് | അധ്യാപകർ, പി ടി എ | |

| | | | | |
|---|---|---|---|---|
| 4. വ്യത്യസ്ത ശില്പ നിർമാണം പരിചയപെടുത്തൽ | കോയിൽ പോട്ട് നിർമാണം, കളിമൺ ശില്പനിർമാണം എന്നിവ നിർമാണം | 6 മാസം | അധ്യാപകർ, പി ടി എ | |
| 5. തൊഴിൽ നൈപുണ്യവും സ്വയം വരുമാന മാർഗവും | 5. കർച്ചീഫ്, table cloth, pillow cover, അലങ്കാര വസ്തുക്കളുടെ നിർമാണം | ജൂൺ– ജൂലൈ – ആഗസ്റ്റ് | അധ്യാപകർ, പി ടി എ | |
| 6. തൊഴിൽ മേഖലയിൽ കുട്ടിയുടെ സമഗ്ര വികസനം | 6. പുഷ്പ കൃഷി : കൃഷിയെ കുറിച്ചും ശാസ്ത്രീയ കൃഷി രീതികളെ കുറിച്ചും അവബോധം നൽകുക | ജൂൺ മുതൽ ഡിസംബർ വരെ | അധ്യാപകർ, പി ടി എ | |
| 7. തൊഴിൽ മേഖലയിലെ വ്യത്യസ്ത തൊഴിൽ അവയുടെ ഗുണവും കുട്ടികളിൽ അവബോധം സൃഷ്ടിക്കൽ | പല മേഖലയിൽ കഴിവ് തെളിയിച്ച വിദഗ്ദരുമായി ചർച്ച നടത്തുക | ജൂൺ – മാർച്ച് | അധ്യാപകർ, പി ടി എ | |

# മാസ്റ്റർപ്ലാൻ – കായികം (എച്ച് . എസ് )

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ കായിക ക്ഷമത വർധിപ്പിക്കുന്നു | കുട്ടികളുടെ കായിക ക്ഷമത പരിശോധിക്കുന്നു<br>ശാരീരികാരോഗ്യം പിച്ചപ്പെടുത്താനുള്ള പ്രവർത്തങ്ങൾ ചെയ്യുന്നു<br>അസംബ്ലി കമാൻഡ് ,സ്പോർട്സ് ക്ലബ് രൂപീകരണം | ജൂൺ | കായികാധ്യാപകർ | പി.ടി.എ |
| ആരോഗ്യകരമായ ജീവിത രീതി<br>കുട്ടികളുടെ കായിക ശേഷി വർധിപ്പിക്കൽ<br>കായിക മത്സരങ്ങളിൽ മികവിൽ എത്തിക്കൽ | സബ്ജില്ലാ തലത്തിലേക്കുള്ള കുട്ടികളെ ക്യാമ്പ് നടത്തി തിരഞ്ഞെടുക്കുന്നു<br>ഫുട്ബോൾ<br>അത്ലിറ്റിക്സ്<br>വോളീബോൾ<br>കബഡി<br>ബോൾ ബാഡ്മിൻറൺ<br>ഷട്ടിൽ ബാഡ്മിൻറൺ<br>ചെസ് | ജൂൺ മുതൽ ഫിബ്രവരി വരെ | കായികാധ്യാപകർ | പി.ടി.എ |
| ഓരോ കുട്ടിക്കും | കുട്ടികൾക്കായുള്ള പ്രഥമ ശുശ്രൂഷ | ആഗസ്റ്റ് മുതൽ | കായികാധ്യാപകർ | പി.ടി.എ |

| | | | | |
|---|---|---|---|---|
| കായികശേഷി വർദ്ധിപ്പിക്കുന്നതിനുള്ള അവസരം ലഭിക്കുന്നു. | ക്ലാസ്സുകൾ, കായിക സുരക്ഷിതത്വം , യോഗ പരിശീലനം എന്നിവയിൽ പരിശീലനം നൽകൽ | ജനുവരി വരെ | | |
| ഒരോ കുട്ടികളുടെയും കായികശേഷി വികസിപ്പിക്കുന്നതിനും ബുദ്ധി വികാസം , വ്യക്തിത്വ രൂപീകരണം, നേതൃത്വ ഗുണം, ഒത്തൊരുമ , അടിസ്ഥാനപരമായ കായികക്ഷമത വർദ്ധിപ്പിക്കാനും 'സാധിക്കുന്നു | കുതിപ്പ് – കായികപരിശീലന പദ്ധതി ' | ഏപ്രിൽ മുതൽ മെയ് വരെ | കായികാധ്യാപകർ | പി.ടി.എ |